(ഇ) 8-1-2014 മുതൽ 30-11-2014 വരെ കമ്മീഷൻ അംഗങ്ങളുടെ ശമ്പള ഇനത്തിലെ 68,82,480 രൂപയും യാത്രാപ്പടി ഇനത്തിൽ 8-1-2014 മുതൽ 30-9-2014 വരെ 1,20,910 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(എഫ്) 3-6-2013 മുതൽ 30-11-2014 വരെ ജീവനക്കാരുടെ ശമ്പള ഇനത്തിൽ 1,14,60,923 രൂപയും ഓഫീസ് ചെലവിനത്തിൽ 80,00,455 രൂപയും പ്ലാൻ ഫണ്ടിൽ നിന്നും 11,76,934 രൂപയും ചെലവഴിച്ചിട്ടുണ്ട്.

**ബാലാവകാശ കമ്മീഷൻ നടപടികൾ**

314(3601). ശ്രീ. സി. ദിവാകരൻ : താഴെകാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികളെ കണ്ടെത്തുന്നതിന് ബാലാവകാശ കമ്മീഷൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; 2013-2014-ൽ എത്ര കേസുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികളെ സംബന്ധിച്ച് കമ്മീഷന് ലഭിക്കുന്ന പരാതികളുടെയും പത്രവാർത്തകളുടെ വെളിച്ചത്തിൽ കമ്മീഷൻ സ്വമേധയാ സ്വീകരിക്കുന്ന നടപടികളുടെയും അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് ബന്ധപ്പെട്ട അധികാരികളോട് അന്വേഷണ റിപ്പോർട്ടുകൾ ആവശ്യപ്പെടുകയും പ്രസ്തുത റിപ്പോർട്ടുകളുടെയും അന്വേഷണത്തിന്റെയും ഹർജിക്കാരുടെയും എതിർകക്ഷികളുടെയും മൊഴികളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ കേസുകൾ തീർപ്പുകൽപ്പിക്കുകയും ചെയ്യുന്നു. 2013-14 വർഷത്തിൽ താഴെപ്പറയുന്ന കേസുകൾ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുകയും നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

1. ഇടുക്കി ജില്ലയിലെ തോട്ടം മേഖലയിൽ നടക്കുന്നതായിപ്പറയുന്ന ബാലവേലയെ സംബന്ധിച്ച് പഠിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 46 പ്രകാരം ഇടുക്കി സി.ഡബ്ല്യു.സി. ചെയർപേഴ്സൺ ശ്രീ. ഗോപാലകൃഷ്ണൻ കൺവീനറായും, ജില്ലാ സാമൂഹ്യ നീതി ഓഫീസർ, ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ ഡോ. ചെറിയാൻ കുര്യൻ എന്നിവർ അംഗങ്ങളായും ഒരു പാനൽ കമ്മീഷൻ രൂപീകരിക്കുകയും അവർ ഇക്കാര്യം പഠിച്ചുവരികയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

2. വയനാട് ജില്ലയിലെ പുത്തശ്ശേരി ഇഷ്ടിക നിർമ്മാണ ഫാക്ടറികളിൽ ബാലവേല നടക്കുന്നതായുള്ള മാധ്യമ റിപ്പോർട്ടിനെ തുടർന്ന് കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും ജില്ലാ ലേബർ ഓഫീസർ, ചൈൽഡ് ലൈൻ, ജില്ലാ പോലീസ് മേധാവി എന്നിവരോട് റിപ്പോർട്ടുകൾ ആവശ്യപ്പെടുകയും ചെയ്തു. റിപ്പോർട്ടുകൾ പരിശോധിച്ചതിൽ ടി ആരോപണങ്ങൾ കളവാണെന്ന് ബോധ്യപ്പെട്ടെങ്കിലും ജില്ലാ ലേബർ ഓഫീസറോട് ഇഷ്ടികക്കളങ്ങളിൽ കുട്ടികളെ കൊണ്ട് ജോലി എടുപ്പിക്കുന്നില്ല എന്ന കാര്യം ഉറപ്പുവരുത്തണമെന്നും ഇതു തടയുന്നതിനായി ജാഗ്രത പുലർത്തണമെന്നും നിർദ്ദേശം നൽകി കേസ് തീർപ്പാക്കുകയും ചെയ്തു.

3. നെയ്യാറ്റിൻകര താലൂക്കിലെ ബാലവേലയെ സംബന്ധിച്ച പത്രറിപ്പോർട്ടിന്മേൽ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും, ജില്ലാ ലേബർ ഓഫീസർ, ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകി കേസ് തീർപ്പാക്കിയിട്ടുള്ളതാണ്.

4. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ കുഴിഞ്ഞിളത്ത് അടയ്ക്കാകളത്തിൽ മുനാടൻ തൊഴിലാളികളുടെ മക്കളെ കൊണ്ട് ബാലവേല ചെയ്യിക്കുന്നതിനെ സംബന്ധിച്ച പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധാ കേസെടുക്കുകയും, ജില്ലാ ലേബർ ഓഫീസർ, സാമൂഹ്യ നീതി ഓഫീസർ, ജില്ലാ പോലീസ് മേധാവി എന്നിവരോട് അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. പ്രസ്തുത കേസ് അന്വേഷണ ഘട്ടത്തിലാണ്.

5. വയനാട് ജില്ലയിലെ കൽപ്പറ്റയിൽ വയനാട് വുഡ് ഇൻഡസ്ട്രീസ് എന്ന പ്ലൈവുഡ് നിർമ്മാണ ഫാക്ടറിയിൽ ജോലി ചെയ്തിരുന്ന കുട്ടികളെ സംബന്ധിച്ച പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും ജില്ലാ ലേബർ ഓഫീസർ, ജില്ലാ പോലീസ് മേധാവി, സാമൂഹ്യനീതി ഓഫീസർ എന്നിവരുടെ അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത കേസ് അന്വേഷണ ഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly